പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ 487

18/05/2017 ൽ
മറുപടിക്ക്

**പൊതുമേഖല വ്യവസായ സ്ഥാപനങ്ങളിലെ പുന:സംഘടന-നവീകരണ പ്രവർത്തനങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.ജെ. മാക്സി<br>ശ്രീ.ബി.സത്യൻ<br>ശ്രീ.എ.എം. ആരിഫ്<br>ശ്രീ.ജെയിംസ് മാത്യു | ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമേഖലാ സ്ഥാപനങ്ങളിലെ നിർമ്മാണ സംവിധാനങ്ങളെയും അവയിൽ ഉപയോഗിക്കുന്ന സാങ്കേതിക വിദ്യകളെയും കുറിച്ച് അവലോകനം ചെയ്തിരുന്നോ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച പുന:സംഘടന-നവീകരണ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; | എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഓരോ പൊതുമേഖലാ സ്ഥാപനങ്ങളുടെയും പ്രവർത്തനം പൊതുമേഖലാ വ്യവസായ പുന:സംഘടനാ ബോർഡ് (റിയാബ്) മുഖേന നടത്തിയിട്ടുണ്ട്. കൂടാതെ മന്ത്രി തലത്തിലും, സെക്രട്ടറി തലത്തിലും കമ്പനികൾ സന്ദർശിച്ച് അവയുടെ സൗകര്യങ്ങൾ വിലയിരുത്തുകയുണ്ടായി.<br><br>അതിനാൽ ഉൽപ്പാദന സൗകര്യങ്ങളിലും സാങ്കേതിക വിദ്യകളിലും കാലോചിതമായ പരിഷ്ക്കാരങ്ങൾ നടപ്പിലാക്കിയെങ്കിൽ മാത്രമേ വിപണിയിൽ നിന്നും നേരിടുന്ന മത്സരങ്ങളെ അതിജീവിക്കത്തക്കവിധത്തിൽ സ്ഥാപനങ്ങളെ സജ്ജമാക്കുവാൻ കഴിയുകയുള്ളൂവെന്ന് മനസ്സിലാക്കുവാൻ സാധിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ ഉൽപ്പാദന സംവിധാനങ്ങളുടെയും, സാങ്കേതിക വിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണം, വിപുലീകരണം എന്നീ നടപടികൾക്ക് മുൻ തൂക്കം നൽകിക്കൊണ്ടുള്ള നവീകരണ വിപുലീകരണ പദ്ധതികൾ നടപ്പിലാക്കുവാൻ 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 270കോടി |

രൂപയുടെ പദ്ധതി വിഹിത സഹായം സർക്കാർ അനുവദിച്ചിട്ടുണ്ട്. ഇത് മുൻ വർഷങ്ങളിലെ പദ്ധതി വിഹിതത്തിനേക്കാൾ ഉയർന്ന തുകയാണ്. ഇത് കൂടാതെ വിപുലമായ നവീകരണ വിപുലീകരണ പദ്ധതികൾ നടപ്പിലാക്കുവാൻ പ്രത്യേക ധനസഹായവും സർക്കാർ അനുവദിക്കുന്നതാണ്.

| | |
|---|---|
| ബി) മുൻ സർക്കാരിന്റെ കാലയളവിൽ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ നേരിട്ടതായി പറയപ്പെടുന്ന വ്യവസായ മാന്ദ്യം പരിഹരിക്കാനായി എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്; | ബി) പൊതുമേഖലാ സ്ഥാപനങ്ങളിൽ വൈദഗ്ദ്ധ്യമുള്ളവരെ മാനേജിംഗ് ഡയറക്ടർമാരായി നിയമിച്ച് കാര്യക്ഷമമായ മാനേജ്മെൻറ് സംവിധാനം നടപ്പിലാക്കിയും, സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനം ശക്തിപ്പെടുത്തി വിപണന സംവിധാനം വിപുലപ്പെടുത്തിയും, സ്ഥാപനങ്ങളുടെ പ്രവർത്തനം മോണിട്ടറിംഗ് ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ കാര്യക്ഷമമാക്കിയും സ്ഥാപനങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.<br>മുൻ കാലങ്ങളിലെ മോശം പ്രവർത്തനം കാരണം ബാങ്കുകളിൽ നിന്നും മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും സഹായം ലഭിക്കുന്ന സ്ഥിതിയിലല്ല മിക്ക സ്ഥാപനങ്ങളും. ആയതിനാൽ കൂടുതൽ ധനസഹായം ബഡ്ജറ്റിൽ നിന്നും നൽകുകയുണ്ടായി. 2016-17 സാമ്പത്തിക വർഷം പൊതുമേഖലാ സ്ഥാപനങ്ങൾക്കായി പ്രത്യേകം വകയിരുത്തിയ 100കോടി രൂപയ്ക്കുപുറമെ 23കോടി രൂപകൂടി സർക്കാർ അധിക ധനസഹായമായി നൽകിയിട്ടുണ്ട്.<br>വിപണന മൂല്യമുള്ള ഉൽപ്പന്നങ്ങളുടെ ഉൽപ്പാദന വിപുലീകരണത്തിലൂടെയും, നവീന സാങ്കേതിക വിദ്യയിലൂടെ ഉൽപ്പാദനക്ഷമത കൂട്ടിയും, ഉൽപ്പന്നങ്ങളുടെ വൈവിധ്യവത്ക്കരണത്തിലൂടെ വിപണന സാധ്യതകൾ ഉറപ്പു വരുത്തിയും മാത്രമേ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് വിപണിയിലെ കടുത്ത മത്സരത്തെ അതിജീവിക്കുവാൻ സാധിക്കൂയെന്ന് കണ്ടെത്തിയതിൻെറ അടിസ്ഥാനത്തിലാണ് ഈ സാമ്പത്തിക വർഷം മുതൽ |

പൊതുമേഖലാ സ്ഥാപനങ്ങളിൽ വിപുലമായ നവീകരണ വിപുലീകരണ പദ്ധതികൾ സർക്കാർ ആവിഷ്ക്കരിച്ചിരിക്കുന്നത്.

| | |
|---|---|
| സി) ഇത്തരം പ്രവർത്തനങ്ങളുടെ ഫലമായി ഏതെല്ലാം സ്ഥാപനങ്ങൾ ലാഭകരമാക്കാൻ സാധ്യമായിട്ടുണ്ടെന്ന് അറിയിക്കാമോ? | സി) 2016-17 സാമ്പത്തിക വാർഷികാവസാനം പ്രവർത്തന അവലോകനത്തിനായി പരിഗണിച്ച മൊത്തം 40 പൊതുമേഖലാ സ്ഥാപനങ്ങളിൽ 13 സ്ഥാപനങ്ങൾ ലാഭത്തിലും, 27 സ്ഥാപനങ്ങൾ നഷ്ടത്തിലുമാണ് പ്രവർത്തിച്ചുവരുന്നത്.<br><br>കഴിഞ്ഞ സാമ്പത്തിക വർഷം നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന Travancore Titanium Products Ltd, Travancore Cochin Chemicals Ltd, Transformers & Electricals Kerala Ltd, Traco Cable Company Ltd, Steel & Industrial Forgings Ltd എന്നീ സ്ഥാപനങ്ങൾ ലാഭകരമാക്കുവാൻ സാധിച്ചു. |

Bindumol. K.N

സെക്ഷൻ ഓഫീസർ